ഹഡ്കോ ഓഫീസിൽ വച്ച് ഭവന നിർമ്മാണ ബോർഡുമായി ചേർന്ന് നടത്തിയ ജോയിന്റ് മീറ്റിംഗിൽ ഹഡ്കോയും ബോർഡും ഒപ്പു വയ്ക്കേണ്ടുന്ന ധാരണാപത്രത്തിന്റെ ഡ്രാഫ്റ്റും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ റോഡ് മാപ്പും പ്രവർത്തന ക്രമവും സമർപ്പിക്കാൻ കൺസൾട്ടന്റിനോട് ആവശ്യപ്പെടുകയുണ്ടായി.

ഹഡ്കോയും ഭവന നിർമ്മാണ ബോർഡും സംയുക്ത സംരംഭമായി നടപ്പിലാക്കുന്ന ഹാബിറ്റാറ്റ് സെന്ററിന്റെ വികസനത്തിനും മാനേജ്മെന്റിനും വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) കമ്പനി രൂപീകരിക്കുന്നതിനുള്ള റോഡ് മാപ്പിന്റെ ഡ്രാഫ്റ്റും ഹഡ്കോയും, ബോർഡും ഒപ്പു വയ്ക്കേണ്ടുന്ന ധാരണാപത്രത്തിന്റെ ഡ്രാഫ്റ്റും 2004 ഡിസംബറിൽ ഹഡ്കോ, ഹൗസിംഗ് ബോർഡിന്റെ അംഗീകാരത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്. സർക്കാർ അംഗീകാരത്തോടെ ധാരണാപത്രം ഒപ്പു വച്ചാലുടൻ തന്നെ എസ്. പി. വി. കമ്പനി രൂപീകരിച്ചതിനുശേഷം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

വയനാട് ജില്ലയിലെ ഭൂരഹിത ആദിവാസികൾക്ക് ഭൂമി

2 [598] ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതുണ്ട് ;

(ബി) ഇതിലേക്കാവശ്യമായ ഭൂമി കണ്ടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സർക്കാർ ഫാമുകൾക്ക് പുറമേ സ്വകാര്യവ്യക്തികളുടെ ഭൂമിയും വിലക്ക് വാങ്ങി ആദിവാസികൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടി എടുക്കുമോ ?

ഉത്തരം

(എ) 14592 കുടുംബങ്ങൾക്ക്.

(ബി) ഭാഗികമായി കണ്ടെത്തിട്ടുണ്ട്. (134.91 ഏക്കർ)

(സി) ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ ഭൂമിയുടെ പാട്ടത്തുക

3 [599] ശ്രീ. എം. വി. ജയരാജൻ :

,, എ. സി. മൊയ്തീൻ :

,, രാജു എബ്രഹാം :

,, എ. കെ.. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമിയുടെ പാട്ടത്തുക ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15-1-2005 വരെ സംസ്ഥാനത്ത് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും എന്തു തുകയുടെ പാട്ടക്കുടിശ്ശിക ഉണ്ടായിരുന്നു; ഓരോന്നിന്റെയും വിശദാംശം നൽകുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) പാട്ടക്കുടിശ്ശികയ്ക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്; കുടിശ്ശിക ഇളവു നൽകിയതുമൂലം നഷ്ടം എത്രയാണ്;

(ഡി) വാർഷിക പാട്ട നിരക്ക് ഭേദഗതി ചെയ്തതുമൂലം സർക്കാരിന് ഒരു വർഷം എന്തു തുകയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) പാട്ടക്കുടിശ്ശിക വരുത്തിയ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ എന്തുതുക നാളിതുവരെ കുടിശ്ശിക വരുത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഓരോരുത്തർക്കും പാട്ടത്തിന് നൽകിയ ഭൂമി എത്രയാണെന്നും ആയത് ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നും ഇപ്പോൾ ഓരോരുത്തരും നൽകേണ്ട പാട്ടത്തുക കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ജി) കുടിശ്ശിക പാട്ടത്തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; കുടിശ്ശികയും പാട്ടത്തുകയും നൽകാത്ത പാട്ടക്കാരാറുകാരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ പാട്ട നിരക്ക് വ്യത്യാസപ്പെടുത്തിക്കൊണ്ട് 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 31-12-2004 വരെ സംസ്ഥാനത്ത് 88,10,41,373 രൂപ പാട്ടകുടിശ്ശിക ഉണ്ടായിരുന്നു. സ്റ്റേറ്റ്മെന്റ് പരിശോധിച്ച് സമർപ്പിക്കുന്നതാണ്.

(സി) പാട്ടകുടിശ്ശികയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടില്ല.

(ഡി) പുതുക്കിയ നിരക്ക് പ്രകാരം എത്ര പേർക്ക് പുതിയ ലീസ് നൽകാനും പുതുക്കി നൽകാൻ കഴിയുമെന്ന് മുൻകൂട്ടി തീരുമാനിക്കാൻ സാധിക്കുകയില്ല. നഷ്ടം ഒന്നും ജനിക്കുന്നില്ല. ഈ നടപടി മൂലം കുടിശ്ശിക പിരിവ് സുഗമമാകുന്നതേയുള്ളു.

(ഇ) 31-12-2004 വരെ 88,10,41,373 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(എഫ്) ജില്ല തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചു സമർപ്പിക്കുന്നതാണ്.

(ജി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ജില്ല കളക്ടർമാർക്ക് നിർദ്ദേശം നൽകിട്ടുണ്ട്. തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പാട്ടക്കുടിശ്ശിക അടയ്ക്കാത്തവരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. അതുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly